# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1071 28.04.2017 -ൽ മറുപടിക്ക്

## അണക്കെട്ടുകളിലെ ജലസംഭരണ ശേഷി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൽദോ എബ്രഹാം | മാത്യു.ടി തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ അണക്കെട്ടുകളിൽ മണ്ണും, മണലും, ചെളിയും അടിഞ്ഞു കൂടിയത് കാരണം ജലസംഭരണശേഷി കുറഞ്ഞു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| ബി) ജലക്ഷാമം രൂക്ഷമായിവരുന്ന സാഹചര്യം പരിഗണിച്ച് മഴക്കാലത്ത് പരമാവധി ജലസംഭരണം ഉറപ്പുവരുത്തുന്നതിനായി ഡാമുകൾക്ക് കേടുവരാത്ത വിധം മണ്ണ് നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) ഡാമുകളിലെ എക്കൽ നീക്കം ചെയ്യുന്നതിലേയ്ക്കായി കരട് Standard Operating Procedure (SOP) തയ്യാറാക്കാൻ ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുകയും, അതിൻപ്രകാരം തയ്യാറാക്കിയ S.O.P. സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇതിനോടനുബന്ധിച്ച് 3.1.17 ൽ ചീഫ് സെക്രട്ടറിയുടെ ചേമ്പറിൽ ഒരു മീറ്റിംഗ് കൂടുകയും പ്രസ്തുത മീറ്റിംഗിൽ S.O.P. യിൽ പരാമർശിക്കുന്ന സാങ്കേതിക വിദ്യ ഉപയോഗിച്ച് മംഗലം, ചുള്ളിയാർ ഡാമുകളെ പൈലറ്റ് പ്രോജക്റ്റിനായി തിരഞ്ഞെടുക്കുകയും ചെയ്തു. S.O.P.പൂർത്തീകരിച്ച് വിവിധ ഡാമുകളിലെ സംഭരണശേഷി വീണ്ടെടുക്കുന്ന പ്രവർത്തികൾ നടപ്പിലാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ